# സർക്കാർസർവീസിൽ നിന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ നിയമനം ലഭിക്കുന്നവർക്ക് രണ്ടാമതൊരിക്കൽക്കൂടി സംവരണം ഏർപ്പെടുത്തുന്നത് നീതിക്കു നിരക്കുന്നതല്ല

**കേ**രള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് നിയമനം നടത്തുന്നതിനായി സർക്കാർ തയ്യാറാക്കിയ നിയമനച്ചട്ടം പി.എസ്.സി. അംഗീകരിക്കുകയും അതിൻപ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം നേരിട്ടുള്ള നിയമനവും സർവീസിലുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക നിയമനവും നിഷ്കർഷിച്ചിട്ടുണ്ട്. നേരിട്ടുള്ള നിയമനത്തിന് കെ.എസ്. ആന്റ് എസ്.എസ്.ആർ. റൂൾ 14 മുതൽ 17 വരെ നിഷ്കർഷിച്ചിട്ടുള്ള സംവരണതത്ത്വം പാലിച്ചു കൊണ്ട് നിയമനം നടത്തണമെന്നും സർവീസിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ടി സംവരണതത്ത്വം പാലിക്കേണ്ടതില്ല എന്നുമാണ് പ്രസ്തുത ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഇവയ്ക്ക് മാറ്റം വരുത്തി സർക്കാർസർവീസിൽ നിന്നും നിയമനം ലഭിക്കുന്നവർക്ക് വേണ്ടി രണ്ടാമതൊരിക്കൽക്കൂടി സംവരണം പാലിക്കണം എന്ന വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതിനായി നടപടികൾ ആരംഭിച്ചതായി മനസ്സിലാക്കുന്നു.

കേരള പി.എസ്.സി. മുഖാന്തരം നിയമനം നടത്തുന്ന തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിന് മാത്രമേ സംവരണതത്ത്വം പാലിക്കാറുള്ളൂ. ഒരേ തസ്തികയ്ക്കുതന്നെ നേരിട്ടുള്ള നിയമനവും സർവീസിലുള്ളവർക്കു വേണ്ടി നടത്തുന്ന നിയമനവും ഒരുമിച്ചു നടത്തി പി.എസ്.സി. ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യുന്ന അവസരത്തിലും സർവീസിൽ ഉള്ളവരുടെ കാര്യത്തിൽ സംവരണം പാലിക്കാറില്ല. വികലാംഗരുടെ നിയമനത്തിലും താഴ്ന്നവിഭാഗം ജീവനക്കാർക്ക് തസ്തികമാറ്റംവഴി ഉയർന്ന നിയമനങ്ങൾ നല്കുമ്പോഴും മറ്റു പല സന്ദർഭങ്ങളിലും സർക്കാർ സർവീസിൽ നിന്നും മറ്റൊരു സർവീസിലേക്ക് നിയമനം നടത്തുമ്പോൾ കെ.എസ്. ആന്റ് എസ്.എസ്.ആർ റൂൾ 14 മുതൽ 17 വരെയുള്ള സംവരണതത്ത്വം പാലിക്കാറില്ല. നിലവിലുള്ള സർവീസ് നിയമങ്ങൾക്ക് അതീതമായി സർക്കാറിന്റെ താൽപര്യപ്രകാരം സർക്കാർസർവീസിലേക്ക് പ്രത്യേക നിയമനം നൽകുന്ന കായികതാരങ്ങളുടെ തിരഞ്ഞെടുപ്പിലും, കെ.എസ്.ആന്റ് എസ്.എസ്.ആർ. റൂൾ 39 പ്രകാരം സർക്കാരിന്റെ പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് സർക്കാർ സർവീസിലേക്ക് നിയമനം നടത്തുമ്പോഴും കെ.എസ്. ആന്റ് എസ്.എസ്.ആർ. റൂൾ 14 മുതൽ 17 വരെയുള്ള സംവരണതത്വം പാലിക്കാറില്ല.

പി.എസ്.സി. മുഖാന്തരം സർക്കാർസർവീസിൽ കയറുന്ന എല്ലാ ഉദ്യോഗാർത്ഥികൾക്കും കെ.എസ്. ആന്റ് എസ്.എസ്.ആർ റൂൾ 14 മുതൽ 17 വരെയുള്ള സംവരണതത്ത്വം പാലിച്ചുകൊണ്ടാണ് നിയമനം നല്കുന്നത് എന്നതിനാലും ഒരിക്കൽ സംവരണതത്ത്വം പാലിച്ചുകൊണ്ട് സർവീസിൽ കയറുന്നവർക്കുവേണ്ടി വീണ്ടും സംവരണം നടപ്പാക്കുന്ന സാഹചര്യമുണ്ടായാൽ നിലവിലുള്ള മെരിറ്റ്, സംവരണ അനുപാതമായ 50:50 എന്നതിന് മാറ്റമുണ്ടാകും എന്നതിനാലും വീണ്ടും സംവരണം ഏർപ്പെടുത്തുന്നത് നിയമവിരുദ്ധമാണ്. ബഹു. സുപ്രീംകോടതിയുടെ ഇന്ദ്രസാഹ്നികേസിലെ വിധിയുടെ അടിസ്ഥാനത്തിൽ സംവരണവിഭാഗക്കാർ 50% – ൽ കവിയാൻ പാടില്ലായെന്ന വ്യവസ്ഥയും നിലനിർത്തിയാണ് ഉദ്യോഗാർത്ഥികളെ പി.എസ്.സി. തിരഞ്ഞെടുക്കുന്നത് എന്നതിനാൽ അവരെ പിന്നീട് ഉയർന്ന തസ്തികകളിലേക്കോ, മറ്റ് തസ്തികകളിലേക്കോ പരിഗണിക്കുമ്പോൾ വീണ്ടും സംവരണം നല്കി നിയമിക്കാറില്ല.

ഇത്തരത്തിൽ രണ്ടാമതൊരവസരത്തിൽക്കൂടി സംവരണം നല്കുന്ന സാഹചര്യമുണ്ടായാൽ ബഹു. സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള 50:50 എന്ന അനുപാതത്തിലുള്ള മെരിറ്റും സംവരണവും എന്ന തത്ത്വം അട്ടിമറിക്കപ്പെടും എന്നതിനാലാണ് നേരിട്ടുള്ള നിയമനവും സർക്കാർസർവീസിലുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക നിയമനവും ഒരേ തസ്തികയ്ക്ക് നടത്തുമ്പോഴും അവയ്ക്കായി ഒറ്റ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുമ്പോൾപ്പോലും നേരിട്ടുള്ള നിയമനത്തിന് ഒഴികെയുള്ള വിഭാഗങ്ങൾക്ക് വീണ്ടും സംവരണതത്ത്വം പാലിക്കാത്തത്. ഇക്കാരണംകൊണ്ടാണ് സർക്കാരും പി.എസ്.സി.യും കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിനു വേണ്ടി ചട്ടവും നിയമവും ഉണ്ടാക്കിയ സന്ദർഭത്തിൽ, നേരിട്ടുള്ള വിഭാഗത്തിന് ഒഴികെയുള്ള ഉദ്യോഗാർത്ഥികൾക്കുകൂടി സംവരണതത്ത്വം നടപ്പാക്കാതിരുന്നത്.

എന്നാൽ ഇക്കാര്യങ്ങൾ ഒന്നും കണക്കിലെടുക്കാതെ, സർക്കാർസർവീസിൽനിന്നും വീണ്ടും നിയമനം നൽകുന്നവർക്ക് സംവരണതത്ത്വം ബാധകമാക്കണമെന്ന് ആവശ്യപ്പെടുന്നത് നിയമപരമായും കീഴ്വഴക്കങ്ങൾ അനുസരിച്ചും നിരവധി കോടതിവിധികളുടെ അടിസ്ഥാനത്തിലും, സാമാന്യനീതിക്ക് നിരക്കുന്നതല്ലാത്തതിനാൽ ഈ നീക്കം ഒഴിവാക്കേണ്ടതാണ്.